## ALL INDIA RADIO THIRUVANANTHAPURAM

### ആകാശവാണി, തിരുവനന്തപുരം
### പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18.07.2025**

## പ്രധാനവാർത്തകൾ

1. വികസിത ഭാരതത്തിലേക്കുള്ള ചുവട് വെയ്പ്പാണ് രാജ്യത്തെ വിവിധ മേഖലകളിൽ പ്രകടമാകുന്ന മുന്നേറ്റങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. രാജ്യ പുരോഗതിക്ക് രാഷ്ട്രീയം മറന്ന് ഏവരും ഒറ്റകെട്ടായി പ്രവർത്തിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

3. കൊല്ലം തേവലക്കര സ്കൂൾ അപകടത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുൻറെ സംസ്കാരം നാളെ.

4. വെളിച്ചെണ്ണയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാന വ്യാപക പരിശോധന നടത്തിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. നാളെ അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രത. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

****************

RNU TVPM

## പ്രധാനമന്ത്രി - ബംഗാൾ

രാജ്യത്തെ വിവിധ മേഖലകളിൽ പ്രകടമാകുന്ന മുന്നേറ്റങ്ങൾ വികസിത ഭാരതത്തിലേക്കുള്ള ചുവട് വെയ്പ്പാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമ ബംഗാളിലെ ദുർഗാപൂരിൽ 5,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ഏറ്റവും വലിയ മാറ്റം പ്രകടമായത് അടിസ്ഥാന സൗകര്യമേഖലയിലാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ബിഹാർ സന്ദർശനം പൂർത്തിയാക്കിയ ശേഷമാണ് ശ്രീ നരേന്ദ്ര മോദി പശ്ചിമ ബംഗാളിൽ എത്തിയത്.

****************

## കൊല്ലം തേവലക്കര-മന്ത്രിമാർ സന്ദർശനം

കൊല്ലം തേവലക്കരയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിയായ മിഥുന്റെ വീട് മന്ത്രിമാരായ വി. ശിവൻകുട്ടിയും കെ എൻ ബാലഗോപാലും സന്ദർശിച്ചു. സ്കൂളിൽ ആവശ്യമായ സുരക്ഷാ മുൻകരുതൽ ഒരുക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ദുരന്തം നടന്ന സ്കൂളും ഇരുവരും സന്ദർശിച്ചു.

RNU TVPM

****************

## തേവലക്കര -സംസ്കാരം

സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുൻറെ സംസ്കാരം നാളെ നടക്കും. രാവിലെ 10 മണി മുതൽ 12 മണി വരെ മൃതദേഹം തേവലക്കര സ്കൂളിൽ പൊതു ദർശനത്തിന് വെക്കും. മിഥുൻറെ അമ്മ സുജ വിദേശത്ത് നിന്ന് രാവിലെ നെടുമ്പാശ്ശേരിയിൽ എത്തും. വൈകിട്ട് 5 മണിക്ക് വീട്ട് വളപ്പിലാണ് സംസ്കാരം.

****************

## ജോർജ്ജ് കുര്യൻ

രാജ്യ പുരോഗതിക്ക് രാഷ്ട്രീയം മറന്ന് ഏവരും ഒറ്റകെട്ടായി പ്രവർത്തിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. മലപ്പുറം നിലമ്പൂരിലെ അമൽ കോളേജ് ക്യാമ്പസിൽ, പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം അനുസരിച്ചുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യ പുരോഗതിക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കേണ്ടത് യുവാക്കളാണെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

****************

## ശുചിത്വ സർവേയായ സ്വച്ഛ് സർവേക്ഷൻ (ഇൻട്രോ)

സ്വച്ഛ് സർവേക്ഷൻ പുരസ്കാരം ലഭിച്ചതിൻറെ നിറവിലാണ് കണ്ണൂരിലെ മട്ടന്നൂർ നഗരസഭ. "പ്രോമിസിംഗ് സ്വച്ഛ് ഷഹർ" വിഭാഗത്തിലാണ് പുരസ്ക്കാരം ലഭിച്ചത്. ഈ നേട്ടത്തിന് പിന്നിലെ പ്രവർത്തനങ്ങളെ കുറിച്ച് നഗരസഭ ചെയർമാൻ എൻ ഷാജിത്ത് ആകാശവാണി വാർത്തകളോട്.....

(വോയ്സ്)

RNU TVPM

****************

## വെളിച്ചെണ്ണ- പരിശോധന

വിപണിയിലെത്തുന്ന വെളിച്ചെണ്ണയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാന വ്യാപക പരിശോധന നടത്തിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ഓപ്പറേഷൻ നാളികേര എന്ന പേരിൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളിലും മൊത്ത, ചില്ലറ വ്യാപാര കേന്ദ്രങ്ങളിലുമാണ് പരിശോധന. വെളിച്ചെണ്ണയുടെ വില കൂടുന്ന സാഹചര്യത്തിൽ മായം ചേർത്ത വെളിച്ചെണ്ണ വിപണിയിലെത്തുന്നത് തടയുന്നതിനാണ് നടപടി. 980 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ 25 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായും മന്ത്രി അറിയിച്ചു.

****************

## ഭക്ഷ്യവിഷബാധ

തിരുവനന്തപുരം നാവായിക്കുളം കിഴക്കനേല ഗവൺമെന്റ് എൽപി സ്കൂളിൽ ഭക്ഷ്യവിഷബാധ. ഭക്ഷ്യവിഷബാധയേറ്റ കുട്ടികളെ പാരിപ്പള്ളി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം സ്കൂളിലെ ഉച്ചഭക്ഷണത്തിന് ശേഷം 25 ഓളം കുട്ടികൾക്കാണ് അസ്വസ്ഥത അനുഭവപ്പെട്ടത്. ഇതിൽ നിന്നാകാം ഭക്ഷ്യ വിഷബാധ ഉണ്ടായെതെന്നാണ് പ്രാഥമിക നിഗമനം.

****************

## ഉമ്മൻചാണ്ടി സ്മൃതി സംഗമം -രാഹുൽഗന്ധി

ജനങ്ങളുടെ വികാരം മനസ്സിലാക്കി പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ നേതാവായിരുന്നു മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെന്ന് ലോക സ്ഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഉമ്മൻചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തോട് അനുബന്ധിച്ച് കെപിസിസിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്മൃതി സംഗമം കോട്ടയം പുതുപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതുപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിലെ ഉമ്മൻചാണ്ടിയുടെ കബറിടത്തിൽ പുഷ്പാർച്ചനയും നടത്തി. ഉമ്മൻചാണ്ടി ഫൗണ്ടേഷൻ നിർമ്മിച്ച് 12 വീടുകളുടെ താക്കോൽ ദാനവും അദ്ദേഹം നിർവഹിച്ചു. തുടർന്ന് തിരുവനന്തപുരത്ത് എത്തിയ ശ്രീ രാഹുൽ ഗാന്ധി മുതിർന്ന നേതാവ് എ കെ ആൻറണിയെ സന്ദർശിച്ചു.

RNU TVPM

****************

## സദാനന്ദൻ മാഷ്

നിയുക്ത രാജ്യസഭാ എം പി സി സദാനന്ദൻ മാസ്റ്റർക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ ബിജെപി പ്രവർത്തകർ സ്വീകരണം നൽകി. തലസ്ഥാനത്ത് ബിജെപി സംസ്ഥാന ഭാരവാഹി യോഗത്തിൽ അദ്ദേഹം പങ്കെടുത്തു. രാജ്യസഭ എം പി എന്ന നിലയിലുള്ള ഉത്തരവാദിത്വവും ദൗത്യവും സമ്പൂർണ്ണമായി

സാക്ഷാത്കരിക്കാൻ കഴിയുമെന്ന് സി സദാനന്ദൻ മാസ്റ്റർ പ്രത്യാശ പ്രകടിപ്പിച്ചു.

****************

**<u>കോട്ടയം-കൂൺഗ്രാമം</u>**

കോട്ടയം ജില്ലയിൽ കർഷകരെയും വ്യാപാര സംരംഭകരെയും കൂൺകൃഷിയിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാന കാർഷിക വികസന, കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന സമഗ്ര കൂൺ ഗ്രാമം പദ്ധതിയുടെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കും. സംസ്ഥാന ഹോർട്ടികൾച്ചർ മിഷനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. വൈക്കം, ഏറ്റുമാനൂർ, കോട്ടയം, ചങ്ങനാശ്ശേരി എന്നീ നാലു നിയോജകമണ്ഡലങ്ങളെയാണ് രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്.

****************

**<u>അതിതീവ്ര മഴ (ഇൻട്രോ)</u>**

PNU TVPM

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. നാളെ മലപ്പുറം,കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ചുവപ്പ് ജാഗ്രത. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയുണ്ട്. തെക്കൻ ആന്ധ്രാ തീരത്തും സമീപ പ്രദേശങ്ങൾക്കും മുകളിലായി രൂപപ്പെട്ട ചക്രവാതിച്ചുഴിയും കിഴക്ക് പടിഞ്ഞാറൻ ന്യൂനമർദ്ദപാത്തിയുമാണ് ശക്തമായ മഴയ്ക്കു കാരണമെന്ന് തിരുവനന്തപുരം കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. വി.കെ മിനി ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്)

****************

**<u>ഉജ്ജ്വല ബാല്യം പുരസ്കാരം</u>**

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ നൽകുന്ന ഉജ്ജ്വല ബാല്യം പുരസ്കാര വിതരണം നാളെ നടക്കും. ആരോഗ്യമന്ത്രി വീണാ ജോർജ് രാവിലെ

തിരുവനന്തപുരത്ത് അവാർഡ് വിതരണം ചെയ്യും. ചൈൽഡ് ഹെൽപ് ലൈൻ റീബ്രാന്റിംഗിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

****************

## സൈനിക സ്കൂൾ (ഇൻട്രോ)

കഴക്കൂട്ടം സൈനിക് സ്കൂളിൽ വർഷങ്ങൾക്ക് ശേഷം വ്യത്യസ്തമായ ഒരു

ഒത്തുകൂടൽ. ഇന്ത്യൻ സേനാവിഭാഗങ്ങളിൽ ഉയർന്ന പദവികളിലെത്തിയ

4 പേർ നാളെ സ്കൂളിലേക്ക് തിരിച്ചെത്തുകയാണ്. പാലക്കാട് സ്വദേശി, ലഫ്റ്റ് നന്റ് ജനറൽ വിജയ് ബി.നായർ, തൊടുപുഴ സ്വദേശി മേജർ ജനറൽ വിനോദ് ടി.മാത്യു, പുനലൂർ സ്വദേശി മേജർ ജനറൽ ഹരി ബി. പിള്ള, തൃശൂർ സ്വദേശി എയർ വൈസ് മാർഷൽ കെ.വി.സുരേന്ദ്രൻ നായർ എന്നിവരാണ് സ്കൂളിലെ 56-ാം പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ നാളെ ഒത്തു ചേരുന്നത്. ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

****************

## ഭക്ഷ്യസംസ്കരണ-പോഷകാഹാര കേന്ദ്രം (ഇൻട്രോ)

കോഴിക്കോട് ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ദക്ഷിണേന്ത്യയിലെ ആദ്യ ഭക്ഷ്യ സംസ്കരണ-പോഷകാഹാര കേന്ദ്രത്തിൻറെ നവീകരണത്തിന് വഴിയൊരുങ്ങുന്നു. 1982ൽ യുനിസെഫിന്റെ സഹായത്തോടെയാണ് ഈ കേന്ദ്രം ആരംഭിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.

(വോയ്സ്)

****************

RNUTVPM

## <u>മിന്നൽ പരിശോധന</u>

സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകൾക്കു സമീപം പ്രവർത്തിക്കുന്ന കേറ്ററിംഗ് സ്റ്റാളുകളിലും, ഐ.ആർ.സി.ടി.സി ഭക്ഷണശാലകളിലും റെയിൽവേ പോലീസിൻറെ മിന്നൽ പരിശോധന. ശുചിത്വം, ശുദ്ധജല വിതരണം, പാക്കേജിംഗിൻറെ സുരക്ഷിതത്വം എന്നിവ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വന്ദേഭാരത് എക്സ്പ്രസിൽ നൽകിയ ഭക്ഷണത്തിൻറെ ശുചിത്വം സംബന്ധിച്ച് സമൂഹമാധ്യമങ്ങളിലും, യാത്രക്കാർക്കിടയിലും വ്യാപകമായി വാർത്തകൾ വന്നതിൻറെ പശ്ചാത്തലത്തിലായിരുന്നു പരിശോധന.

****************

## <u>കെ എസ് ആർ ടി സി - ട്രാവൽ കാർഡ്</u>

കെ എസ് ആർ ടി സിയുടെ ട്രാവൽ കാർഡിന് മികച്ച പ്രതികരണം. യാത്രകൾ കൂടുതൽ സുഗമമാക്കാനും ചില്ലറയുടെ പ്രശ്നങ്ങൾ ഒഴിവാക്കാനും സഹായിക്കുന്ന ട്രാവൽ കാർഡ് ദിവസങ്ങൾക്കുള്ളിൽ സ്വന്തമാക്കിയത് ഒരു ലക്ഷത്തി 961 പേർ. കാർഡിന് അപേക്ഷിച്ചിരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണെങ്കിൽ 5 ലക്ഷത്തോളം കാർഡുകൾ ഉടൻ പുറത്തിറക്കും. യാത്ര ചെയ്യുമ്പോൾ പണം കൈവശമില്ലെങ്കിലും മുൻ കൂട്ടി റീചാർജ് ചെയ്ത ട്രാവൽ കാർഡ് ഉപയോഗിച്ച് യാത്ര തുടരാനാകും. 100 രൂപയാണ് ചാർജ്. ഒരു വർഷമാണ് ഒരു കാർഡിന്റെ കാലാവധി.

****************

****************

******

RNU TVPM